# ഞാൻ ടീവീൽ!!!

പോൾ ചാക്കോ തീമ്പലങ്ങാട്ട്
paulchacko@gmail.com

---

“നിങ്ങളിന്ന് പണിക്ക് പോന്നില്ലേ മനുഷ്യാ?”

ഭാര്യയുടെ ചെവിയടപ്പിക്കുന്ന ശബ്ദം കേട്ടാണ് ഞാൻ ഞെട്ടിയുണർന്നത്. ബഹുമാനം കൊണ്ടാണ് ‘മനുഷ്യാ’ എന്ന് വിളിക്കുന്നത് എന്നവള് പറയുന്നു. അതിപ്പോ എന്റെ ജോലി തെങ്ങുകേറ്റം ആണെങ്കിലും കാലാ കിള ആണെങ്കിലും ഫാനിന്റെ കീഴെ കറങ്ങുന്ന കസേരയിലുള്ള കലക്റ്റർ ജോലിയാണെങ്കിലും ‘പണി’ എന്നേ അവള് പറയൂ. “ചേട്ടനിന്ന് ഓഫീസിൽ പോകുന്നില്ലേ ചേട്ടാ?” എന്നൊരു ചോദ്യം ഈ ജന്മത്ത് കേൾക്കാൻ പറ്റുമെന്ന് എനിക്ക് തീരെ പ്രതീക്ഷയില്ല..

മെയ് മാസത്തിലെ കുളിരുള്ള ഒരു പ്രഭാതം. മേലേ നീലാകാശം. പുറത്ത് ഇളം വെയില്. മന്ദമാരുതൻ വീശുന്നുണ്ടോ എന്ന് ഞാൻ നോക്കിയില്ല. ഉണ്ടാവും. പുൽത്തകിടികളിൽ മഞ്ഞുനീർ കണങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നു. ഇളംകാറ്റ് ജനാലയിലൂടെ മുറിക്കുള്ളിലേക്ക് മന്ദം മന്ദം കടന്നുവരുന്നു.

“ഇന്ന് ഞാൻ പോന്നില്ല.”

കൂടുതൽ ചോദ്യങ്ങൾക്ക് അവസ്സരം കൊടുക്കാത്ത രീതിയിൽ കട്ടിലിൽ ഒരു കൊഞ്ചിനെ പോലെ ചുരുണ്ടുകൂടിക്കിടന്ന് ഞാൻ പറഞ്ഞു.

“എന്നാ പോകണ്ട” അവളും പറഞ്ഞു.

യോർക്ക്ടൌൺ സ്കൂളിലെ സർക്കാർ ജോലി ആയതിനാൽ കൈയിൽ കിട്ടുന്ന ശമ്പളം നാട്ടിലെ പിച്ചക്കാർക്ക് പിച്ച കൊടുക്കാൻ പോലും തികയാറില്ല. എങ്കിലും ബെനഫിറ്റ് കെങ്കേമം. വർഷം ഇരുപത് ദിവസ്സം അവധി, എട്ടോളം സിക്ക് ലീവ്, സ്കൂൾ അവധി ഉള്ളപ്പോൾ എല്ലാം അവധി, ഈസ്റ്ററിനും ക്രിസ്തുമസ്സിനും രണ്ടാഴ്ച വീതം. ഈ വർഷം എടുത്ത് തീർക്കാത്ത ലീവ് അടുത്ത വർഷത്തേക്ക് കൂട്ടാം. അങ്ങനെ നോക്കിയപ്പോ എനിക്ക് ഏതാണ്ട് പതിനാറ് സിക്ക് ലീവ് കിടപ്പുണ്ട്.

ഞാൻ അന്ന് സിക്ക് ആകാൻ തീരുമാനിച്ചു. ഇനിയൊരു കാരണം കണ്ടുപിടിക്കണം. ജോലിക്ക് പോകാൻ പറ്റാത്ത അത്രേം എന്ത് സിക്കാണ്...വയറിളക്കം! കൊള്ളാം. ആരും പരിശോധിക്കാൻ വരില്ല. ഇനി

അഥവാ വന്നാൽ തന്നെ കാണിച്ചു കൊടുക്കാം. സമയം പാഴാക്കാത് സൂപ്പർവൈസറായ ഇറ്റലിക്കാരത്തി ഡോറോത്തിയേ വീട്ടിൽ വിളിച്ചു കാര്യം പറഞ്ഞു...

"ഹായ് ഡോറോത്തി, പോൾ ആണ്. അതേയ്, എനിക്കത്ര സുഖം തോന്നുന്നില്ല. വയറിളക്കം! ഇന്ന് ഞാൻ 'പണി'ക്ക് വരുന്നില്ല"

അത്രേം പോലും വിശദീകരണം കൊടുക്കേണ്ട യാതൊരു കാര്യോമില്ല. വെറുതെ സിക്ക് ആണെന്ന് മാത്രം പറഞ്ഞാ മതി. പക്ഷെ ഞാൻ അവിടേം നിർത്തിയില്ല...

"കൂട്ടത്തിൽ പനിയും ജലദോഷവും ഉണ്ട്. രാത്രി ഒട്ടും തന്നെ ഉറങ്ങാൻ പറ്റിയില്ല..." ഞാൻ പറഞ്ഞുകൊണ്ടേയിരുന്നു.

"ഓക്കേ പോൾ...ഓക്കേ... ഓക്കേ" എന്നവര് ഇടയ്ക്കിടെ പറയുന്നുണ്ട് പക്ഷെ എന്റെ അസുഖം മുഴുവൻ പറഞ്ഞുകേൾപ്പിക്കണമെന്ന് വാശി പോലെ...എനിക്ക്.

ഒടുവിൽ 'ഫീൽ ബെറ്റർ' എന്ന് പറഞ്ഞ് ഡോറോത്തി ഫോൺ വച്ചു.

എനിക്കും സന്തോഷം അജിക്കും സന്തോഷം. ഡോറോത്തിക്ക് അതിലും സന്തോഷം തോന്നിക്കാണും; എന്റെ കത്തി അതുകുറച്ച് സഹിച്ചാ മതിയല്ലോ.

എങ്ങാനും ഒരവധി കിട്ടിയാൽ തല പൊങ്ങുമെങ്കിൽ അജി എന്നെ കെട്ടിവലിച്ച് പള്ളീൽ കൊണ്ടുപോകും. സാരമില്ല...ഇംഗ്ലീഷ് പള്ളിയാ. ഇരുപത് മിനിറ്റ് കൊണ്ട് ഇടിമിന്നൽ പോലെ കുർബ്ബാന തീരും. അത് കഴിഞ്ഞാ പിന്നെ ഫ്രീ ആണല്ലോ. പക്ഷെ പ്രശ്നം അതല്ല. കാണാൻ പാടില്ലാത്ത ഒരു ദിവസ്സം നമ്മളെ എങ്ങാനും പള്ളീൽ കണ്ടാൽ അവിടെ വരുന്ന മറ്റു മലയാളി ഭക്തർ മനസ്സിൽ ചോദിക്കും

"ഇന്ന് വെള്ളിയാഴ്ച...ഇവനെന്താ ഇവിടെ. ഇനി ഇവന്റെ പണി എങ്ങാനും പോയോ"...

പള്ളി കഴിഞ്ഞിട്ട് ഞങ്ങൾ വെറുതെ കറങ്ങാൻ പോയി. എന്നെ തനിയെ കൈയിൽ കിട്ടിയാ എന്നേം കൊണ്ട് കറങ്ങാൻ അവൾക്കിഷ്ട്ടമാ. എവിടെങ്കിലും പോയി എന്തെങ്കിലും ഒക്കെ മേടിക്കും...ആവശ്യം ഉള്ള സാധനം ആണെങ്കിലും അല്ലെങ്കിലും. ഓരോന്ന് കാണിച്ച് എന്നോട് ചോദിക്കും "ഇത് നല്ലതല്ലേ, ഇഷ്ട്ടപ്പെട്ടോ, വില അൽപ്പം കൂടുതലാ അല്ലെ, ഇത് മോൾക്ക് ചേരുമോ, മോന് ചേരുമോ" എല്ലാത്തിനും അനുഭാവപൂർവ്വമുള്ള ഉത്തരമാണെനിക്ക്. ഇഷ്ട്ടപ്പെട്ടില്ലാ എന്ന് പറഞ്ഞാ

വേറെ തപ്പി പോകും. ഇഷ്ടപ്പെട്ടെന്നു പറഞ്ഞാ അതും മേടിച്ച് ആ കടേന്നിറങ്ങുമല്ലോ.

അങ്ങനെ മേടിച്ച സാധനങ്ങൾ കടയുടെ പരസ്യമുള്ള ഒരു പ്ലാസ്റ്റിക്ക് ബാഗിൽ തൂക്കി അതെന്നെ ഏൽപ്പിച്ച് ഞങ്ങൾ കടയിൽ നിന്നും ഇറങ്ങി. ഇനിയുള്ളതാണ് എനിക്ക് താലപര്യമുള്ള ഇനം. ചൈനീസ് ഫുഡ്. ഞങ്ങൾ താമസിക്കുന്ന സ്ഥലത്തിനടുത്ത് എത്ര കഴിച്ചാലും $8.99 മാത്രം ചാർജ് ചെയ്യുന്ന സ്നേഹനിധികളായ ഒരു ചൈനീസ് കടയുണ്ട്. അവിടെ എപ്പോ കേറിയാലും കൊടുക്കുന്ന പൈസ മുതലാക്കിയെ ഞാൻ ഇറങ്ങൂ. ഞങ്ങൾ ചൈനീസ് കട ലക്ഷ്യമാക്കി നടന്നു.

കട വരെ എത്തിയില്ല അപ്പോൾ കാണാം കുറെ ആളുകൾ കൂടി നിൽക്കുന്നു. മദ്ധ്യവയസ്കയായ സ്ത്രീ ഒരു ടീ. വി ക്യാമറയിൽ നോക്കി കൈയും കാലും എടുത്ത് വികാരാവേശയായി സംസ്സാരിക്കുന്നു. അടുത്ത് തന്നെ കൈയിൽ ഒരു മൈക്കും പിടിച്ച് മറ്റൊരാൾ. നമ്മുടെ "ക്യാമറാമാൻ ശിവനോടൊപ്പം റിപ്പോർട്ടർ പാർവതി...". അതേ പണി തന്നെ. ഇവിടെ ഇംഗ്ലീഷിൽ ആണെന്ന് മാത്രം.

വായ്നോട്ടം പണ്ടേ ഉള്ളതായതിനാൽ ഞാനും കൂടി ആളുകളുടെ കൂടെ. ഇതിലൊന്നും താല്പര്യമില്ലാത്ത അജി ദൂരെ മാറി നിന്നു. അവള് കുടുംബത്തിൽ പിറന്നതാ. എന്റെ കൂടെ കൂടി എന്നൊരു തെറ്റ് മാത്രേ അവള് ചെയ്തിട്ടുള്ളൂ.

സ്ത്രീ ക്യാമറയിൽ നോക്കി കാര്യമായി എന്തോ പറയുന്നുണ്ട്. മുഖത്ത് നല്ല ഗൌരവം. സ്പാനിഷ് ആയകാരണം എനിക്കൊരു കോപ്പും മനസ്സിലായില്ല. ഞാൻ സ്ത്രീയുടെ തൊട്ടുപുറകിലേക്ക് ഇടിച്ചു കയറി നിന്നു. നാട്ടിൽ പ്രൈവറ്റ് ബസിൽ ഇടിച്ചുകയറിയ പരിചയം ആദ്യമായിട്ടാണ് അമേരിക്കയിൽ എനിക്ക് പ്രയോജനപ്പെട്ടത്! ഇപ്പൊ എന്നെയും കിട്ടുന്നുണ്ടാവും ക്യാമറയിൽ. ഒന്നും മനസ്സിലാകാത്ത ഞാൻ എല്ലാം മനസ്സിലായപോലെ തലയാട്ടി ഗൌരവത്തിൽ നിന്നു.

മൂന്നാല് മിനിറ്റ് അങ്ങനെ കഴിഞ്ഞപ്പോ ക്യാമറാമാൻ ക്യാമറ താഴ്ത്തി. സംഭവം കഴിഞ്ഞൂന്ന് എനിക്ക് മനസ്സിലായി. ഞാൻ എന്നെ കാത്ത് നിന്നിരുന്ന ഭാര്യയുടെ അടുത്തേക്ക് നടന്നു...ടീവീൽ എന്റെ മുഖം തെളിയുന്നതും സ്വപ്നം കണ്ട്.

എന്നെ കണ്ട് ചൈനീസ് കടക്കാരൻ ദയനീയമായി ഒന്നു നോക്കി..."മുടിപ്പിക്കാൻ വന്നിരിക്കുന്നു" എന്നയാള് മനസ്സിൽ പറഞ്ഞുകാണും.

അദ്ദേഹത്തിന്റെ വികാരങ്ങൾക്ക് വിലകൊടുക്കാത് മനസ്സും വയറും നിറയെ ഞങ്ങൾ കഴിച്ചു. അനങ്ങാൻ പറ്റാത്ത അവസ്ഥ!

__________________________________________________-

അസുഖം പൂർണ്ണമായി വിട്ടുമാറിയ ഞാൻ തിങ്കളാഴ്ച ജോലിക്ക് പോയി. രജിസ്റ്റർ ഒപ്പിടാൻ ചെന്നപ്പോ ഡോറോത്തി ചോദിച്ചു

“ഹൌ ആർ യു ഫീലിംഗ് പോൾ?”

“ഓ മൈ ഗോഡ്...ഐ ആം ബെറ്റർ നൌ”. അത്രേം പറഞ്ഞവിടെ നിറുത്തിയാ മതിയാരുന്നു. ഞാൻ കൂട്ടി ചേർത്തു...”വെള്ളിയാഴ്ച കട്ടിലേന്ന് എഴുനെറ്റിട്ടില്ല”

“ഉവ്വോ? എന്നിട്ട് പോളിനെ ഞാൻ ടീവീൽ കണ്ടല്ലോ? ചാനൽ പന്ത്രണ്ടിൽ...”

ഡോറോത്തി രജിസ്റ്റർ അടച്ച് എന്നെ നോക്കി പുഞ്ചിരിച്ചു. അതെന്റെ ചങ്കിലാ തറഞ്ഞത്. എന്റെ വായിൽ നാക്കുണ്ടോ എന്ന് തപ്പി നോക്കാൻ പോലും എന്റെ കൈകൾ അശക്തങ്ങൾ ആയിരുന്നു.

നനഞ്ഞ കോഴിയെ പോലെ ഞാനവരുടെ മുറിയിൽ നിന്ന് ഇറങ്ങുമ്പൊ എന്നെ തന്നെ ശപിക്കണോ അതോ ടീവീക്കാരെ ശപിക്കണോ എന്നെനിക്ക് നിശ്ചയം ഇല്ലായിരുന്നു.

നല്ലവളിൽ നല്ലവളായ ഡോറോത്തി എട്ട് വർഷം മുൻപ് പെൻഷൻ പറ്റി. ഇറ്റാലിയൻസ് എത്ര നന്മ ഉള്ളവരാണെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത് ആ സ്ത്രീയിൽ നിന്നും ആയിരുന്നു.